മിസ്റ്റർ കെ. അയ്യപ്പൻ: പോരാ എന്നാണു പറയുന്നതു്. ഇപ്പോൾ അത്യാവശ്യം നേരിട്ടാൽ ഉപയോഗിക്കുന്നതിനു രണ്ടു ലാൻഡിംഗ് ക്രാഫ്റ്റ്സ് വേറെ വെച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. സി. മായൻ കുട്ടിമേത്തർ: ഈ Ferry ലേലം വിളിച്ചു കൊടുത്തിരുന്ന കാലത്തു് ഗവൺമെണ്ടിനു കിട്ടിയിരുന്ന സംഖ്യ കുറച്ചിട്ടുള്ള സംഖ്യയാണൊ ഇവിടെ പറഞ്ഞിട്ടുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കുറച്ചിട്ടില്ല. കുറക്കേണ്ട ആവശ്യമില്ല. ഒരു സംഗതി ബഹുമാനപ്പെട്ട സഭയിൽ പറയേണ്ടതുണ്ടു്. അതായതു് ലാൻഡിംഗ ക്രാഫ്റ്റ്സ് വച്ചുനടത്തിയകാലത്തെ കണക്കാണു് കാണിച്ചിട്ടുള്ളതു്. ലാൻഡിംഗ് ക്രാഫ്റ്റ്സ് മാത്രം വച്ചുനടത്തിയ കാലത്തു ഗവൺമെണ്ടിനു ലാഭമില്ല. ഇപ്പോൾ ഗവൺമെണ്ടിനു വളരെ ലാഭമുണ്ടാകുന്നുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഈ ലാൻഡിംഗ്ക്രാഫ്റ്റ് കൊണ്ടു സമയം നഷ്ടപ്പെടുന്നുണ്ടെന്നു് അറിയാമൊ?

Mr. President: How does that question arise? That is about expenditure.

മിസ്റ്റർ പി. കെ. ഡീവർ: കടത്തു സർവ്വീസിനെപ്പറ്റി പല ആക്ഷേപങ്ങളും ഉണ്ടായിരുന്നില്ലെ? അതും കൂടി നോക്കിയല്ലെ ഗവൺമെണ്ടു് ഈ കടത്തു് ഏറ്റെടുത്തതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ടായിരിക്കാം. നോട്ടീസുവേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ കടത്തു വ്യക്തികൾ നടത്തിക്കൊണ്ടിരുന്നപ്പോൾ ഗവൺമെണ്ടിലേക്കു് എന്തു ലാഭമുണ്ടായിരുന്നു?

മിസ്റ്റർ കെ. അയ്യപ്പൻ: ഏതാണ്ടു് ൦൦൦ രൂപാ കിട്ടിയ കൊല്ലമുണ്ടായിരുന്നു. ചിലപ്പോൾ അതിൽ കൂടുതൽ കിട്ടിയകൊല്ലവുമുണ്ടു്.

LAND ACQUISITION FOR PLAY GROUND—ELAMKULAM ST. JOHN'S SCHOOL

188. (247) മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) എളങ്കുളം സെൻറ് ജോൺസ്സ് സ്കൂളിൽ ഗ്രൗണ്ടിനും മാറ്റംവേണ്ടി കുറെ സ്ഥലം അക്വയർ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടൊ;

(ബി) ഇതിനുവേണ്ടി സംഖ്യ സ്കൂൾകാർ അടച്ചുകഴിഞ്ഞിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ എന്നാണു് അടച്ചതു്, എത്രസംഖ്യ അടച്ചു, സ്ഥലം കൊടുപ്പാൻ താമസം എന്താണു്?

മിസ്റ്റർ സി. എ. മൗസേപ്പു്:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) ൧൯൬൫. ഫെബ്രുവരി. ൦൫. ഫെബ്രുവരി ൧൯൬൫ തുലാം ൨൦൦൦ രൂപാ പ്രതിഫലം കൊടുത്തു. ഫെബ്രുവരി ൧൯൬൫ വൃശ്ചികം ൧൫-൦൦൦ സ്കൂൾ ഉടമസ്ഥന്മാക്കു സ്ഥലം കൈവശം ഏൽപിച്ചു കൊടുത്തു.

മിസ്റ്റർ വി. കെ. ജോസഫ്: എന്തു Ground ആണിതു്; എന്താവശ്യത്തിനാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ സി. എ. മൗസേപ്പു്: സ്കൂൾ Ground ആണു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഫെബ്രുവരി-തുലാം ൨൦൦൦ രൂപാ അടച്ചു എന്നു പറയുന്നുണ്ടു്. ഫെബ്രുവരി-വൃശ്ചികം ൧൫-൦൦൦ മാത്രമാണു് സ്ഥലം കൈവശം ഏല്പിച്ചുകൊടുത്തിട്ടുള്ളതു്. ഈ രണ്ടു കൊല്ലത്തെ താമസത്തിനെന്താണു് കാരണം?

മിസ്റ്റർ സി. എ. മൗസേപ്പു്: അതു പലർക്കും സ്ഥലം ഒഴിഞ്ഞുകൊടുക്കുവാൻ വേറെ സ്ഥലം കിട്ടുന്നതുവരെ അവിടെത്തന്നെ താമസിക്കേണ്ടിവരും. അങ്ങിനെയൊക്കെ വന്നിട്ടുള്ളതാമസമായിരിക്കാം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. ജോസഫ്: ബഹുമാനപ്പെട്ട ഗവൺമെണ്ടിലേക്ക് ഈ ചോദ്യം കൊടുത്തതിനു ശേഷമാണൊ സ്ഥലം ഒഴിഞ്ഞു കൊടുത്തത്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

MILLING AND SELLING OF RICE IN TALAPPALLI TALUK—DETAILS REGARDING

189. (4) Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

(*a*) the total quantity of rice in tons milled from the paddy procured from the Talappalli Taluk every year within the last 2 years ending with 1123;

(*b*) the total quantity of rice sold through ration shops, Government Fair Price Shops as well as Co-operative Societies during the period specified above;

(*c*) whether the Government used to sell paddy through ration shops in certain areas of Talappalli 3 years back;

(*d*) why was it stopped?

Mr. E. Ikkanda Warriar (*Prime Minister*):

(*a*) 8,369 tons in 1122 and 6,873 tons in 1123.

(*b*) 12,496 tons in 1122 and 13,137 tons in 1123. (Talappalli Taluk alone).

(*c*) Paddy used to be issued as ration in Talappalli Taluk to those who had registered their ration card for paddy ration.

(*d*) As Government had to encounter a food scarcity towards the close of the year 1122 and due to want of stock of paddy for distribution, the practice of issuing paddy as ration had to be limited according to availability of stock. The practice has not been abandoned altogether.

Mr. C. V. Iyyu *(Kunnamkulam)*: Will the Government be pleased to issue ration as paddy in large paddy-producing areas like Talappalli and Chittur Taluks at least this year because of the prospect of good mundakan crops?

Mr. E. Ikkanda Warriar *(Prime Minister)*: That will again depend upon the availability of the stock on hand. I have already explained at length about this, that unless sufficient quantity is in stock, say, for 3 or 4 months, in advance, it may not be possible to give an assurance that paddy would be given as ration.

Mr. C. V. Iyyu *(Kunnamkulam)*: Cannot the Government save a lot of transport expenses by that?

Mr. E. Ikkanda Warriar *(Prime Minister)*: That is true but the ration system will break down. Government should avoid that also.

DISTRIBUTION OF WATER THROUGH PIPE LINE AT AZHICODE—PETITION REGARDING

190. (125) മിസ്റ്റർ എ. കെ. കണ്ണുമൊയ്തീൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) ശുദ്ധജലമില്ലാതെ വിഷമിക്കുന്ന അഴീക്കോട്, എറിയാട് വില്ലേജുകളിൽ പൈപ്പുലയിൻവഴി ശുദ്ധജലവിതരണം നടത്തുവാൻ ഗവൺമെണ്ടിനു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) അക്കാര്യത്തിൽ ഗവൺമെണ്ട് എന്തു ചെയ്തിട്ടുണ്ട്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉവ്വ്.

(ബി) ധനസ്ഥിതി അനുവദിക്കുമ്പോൾ ഈ കാര്യം തുലോചിക്കുന്നതാണ്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ കൊടുങ്ങല്ലൂരിനെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കാതെ ആവശ്യത്തിനുവേണ്ട പണം നല്കാമെന്നു പറഞ്ഞതനുസരിച്ച് അവിടെ ശുദ്ധജലവിതരണത്തിനു വേണ്ട പണം കൊടുക്കാമൊ?

മിസ്റ്റർ കെ. അയ്യപ്പൻ: കൊടുങ്ങല്ലൂരിനു പണം കൊടുക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല, പൊതുവെ പണം ഇല്ലാത്തതുകൊണ്ടാണ്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: എങ്കിലും പ്രത്യേകിച്ച് ആ പ്രദേശങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനുള്ള വിഷമം കൂടുതലായതുകൊണ്ട് എങ്ങിനെയെങ്കിലും അതിനെപ്പറ്റി തുലോചിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു തുലോചിക്കാമെന്നുവച്ചിട്ടുണ്ട്. പക്ഷെ അതിനേക്കാൾ തീരെ ശുദ്ധജലംകിട്ടാത്ത സ്ഥലങ്ങളുടെ കാര്യത്തിൽ ഇതുവരെ വേണ്ടതു ചെയ്യാൻ സാധിച്ചിട്ടില്ല. ഈ കാര്യം ഗവൺമെണ്ട് തുലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly